പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 451 — 01.12.2015-ൽ മറുപടിയ്ക്ക്

## പാലാംകോണം സബ്സ്റ്റേഷൻ പ്രവർത്തനം.

ചോദ്യം

ശ്രീ. കോലിയക്കോട്
എൻ. കൃഷ്ണൻ നായർ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കെ. എസ്. ഇ. ബി. വെഞ്ഞാറമൂട് സെക്ഷൻ പരിധിയിൽ പ്രവർത്തിക്കുന്ന പാലാംകോണം സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ ;

(എ) 27.05.2010 ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതുവരെ പ്രസ്തുത സബ്സ്റ്റേഷന്റെ അറ്റകുറ്റപണികൾക്കായി ഓരോ വർഷവും എത്ര രൂപാ വീതം ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾക്കായി ഓരോ വർഷവും ചെലവാക്കിയിട്ടുള്ള തുക ചുവടെചേർക്കുന്നു.

| | |
|---|---|
| 2010-2011 | 2,36,000/- രൂപ |
| 2011-2012 | 2,38,000/- രൂപ |
| 2012-2013 | 1,69,000/- രൂപ |
| 2013-2014 | 1,19,000/- രൂപ |
| 2014-2015 | 1,41,000/- രൂപ |
| 2015-2016 (നാളിതുവരെ) | 3,37,000/- രൂപ |

(സി) പാലാംകോണം സബ്സ്റ്റേഷനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അറ്റകുറ്റപണികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സബ്സ്റ്റേഷനിൽ 20.11.2015 ലാണ് നവംബർ മാസത്തെ (Monthly Maintenance) അറ്റകുറ്റപ്പണികൾ നടത്തിയത്. അതിനുശേഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല.

(ഡി) പ്രസ്തുത സബ്സ്റ്റേഷനിൽ നിരന്തരമുണ്ടാകുന്ന പവർ ഫെയിലിയർ ശാശ്വതമായി പരിഹരിക്കുന്നതിനും ഇതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

(ഡി) നിലവിലുള്ള 5 MVA ട്രാൻസ്ഫോർമർ മാറ്റി 8 MVA സ്ഥാപിക്കുന്നതിനും, പുതിയതായി രണ്ടു 11 കെ.വി. ഫീഡറുകൾ സ്ഥാപിക്കുന്നതിനും, Outdoor VCB മാറ്റി Indoor VCB സ്ഥാപിക്കുന്നതിനും, Control Room വിപുലീകരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.